Mathrubhumi 24-12-2022 (Page.2)

സകാം നേരുന്നു.

# മാറുന്ന വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയുടെ പങ്ക് വലുത് -മന്ത്രി വി.എൻ. വാസവൻ



സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ പത്താം വാർഷികത്തിന്റെ ഭാഗമായുള്ള ഡസീനിയൽ ബ്ലോക്കിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു

**കോട്ടയം** ▸ കേരളത്തിലെ മാറുന്ന വിദ്യാഭ്യാസ സാഹചര്യത്തിൽ സ്വകാര്യമേഖലയ്ക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്നും തൊഴിലന്വേഷകരിൽനിന്ന് തൊഴിൽദായകരാകാൻ വിദ്യാർഥികൾക്ക് സാധിക്കണമെന്നും മന്ത്രി വി.എൻ.വാസവൻ. പാത്താമുട്ടം സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഡസീനിയൽ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സെയിന്റ് ഗിറ്റ്സ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് പ്രസിഡന്റ് ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത അധ്യക്ഷനായി. സെയിന്റ് ഗിറ്റ്സ് കോളേജ് ഡയറക്ടർ തോമസ് ടി.ജോൺ, എക്സിക്യൂട്ടീവ് ചെയർമാൻ പുന്നൂസ് ജോർജ്, ഗവേണിങ് ബോർഡ് മെമ്പർ മിനി പുന്നൂസ്, സെയിന്റ് ഗിറ്റ്സ് എൻജിനിയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. ജോസഫ് കുഞ്ഞുപോൾ, ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ. കെ.കെ. ജോൺ എന്നിവർ പ്രസംഗിച്ചു.